


സുലൈമാൻനബിക്ക് കീഴ്പ്പെടുത്തപ്പെട്ട 'ചെകുത്താന്മാർ' അദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്ന അവിശ്വാസികളായിരുന്നുവെന്നും അദ്ദേഹത്തോട് ഏറ്റുമുട്ടിയ സൈന്യങ്ങളിൽ നിന്ന് തടവുകാരായി പിടിച്ച ഭടന്മാരായിരുന്നുവെന്നുമെന്നുമൊക്കെ ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. ദുഷ്ടരായ മനുഷ്യരെയും ദുഷ്ടരായ ജിന്നുകളെയും ചെകുത്താൻ എന്നു വിളിക്കുമെങ്കിലും കേവല അവിശ്വാസിയെയോ ശത്രുവിനെയോ കുറിക്കാൻ ഈ പദം ഉപയോഗിക്കാറില്ല.

## ഖുർആൻ ബോധനം

എ.വൈ.ആർ

സൂറ - 21

# അൽഅമ്പിയാഅ്

82. അദ്ദേഹത്തിനുവേണ്ടി കടലിൽ മുങ്ങുന്ന ചില ചെകുത്താന്മാരെയും നാം വിധേയരാക്കിക്കൊടുത്തു. അതു കൂടാതെ മറ്റു പല ജോലികളും അവർ ചെയ്യാറുണ്ടായിരുന്നു. അവർക്കൊക്കെയും മേൽനോട്ടക്കാരൻ നാം തന്നെയായിരുന്നു.

وَمِنَ ٱلشَّيَـٰطِينِ مَن يَغُوصُونَ لَهُۥ وَيَعْمَلُونَ عَمَلًا دُونَ ذَٰلِكَ ۖ
وَكُنَّا لَهُمْ حَـٰفِظِينَ ﴿٨٢﴾

**82**

ചെകുത്താന്മാരിൽ നിന്ന് (ചില ചെകുത്താന്മാരെയും) വിധേയമാക്കിക്കൊടുത്തു = وَمِنَ ٱلشَّيَـٰطِينِ

അദ്ദേഹത്തിനുവേണ്ടി = لَهُۥ (കടലിൽ) മുങ്ങുന്നവർ ആയ = مَن يَغُوصُونَ

അതു കൂടാതെ = دُونَ ذَٰلِكَ (മറ്റുപല) ജോലിയും അവർ ചെയ്യു(യ്യാറുണ്ടായിരുന്നു) = وَيَعْمَلُونَ عَمَلًا

മേൽനോട്ടക്കാരൻ = حَـٰفِظِينَ അവർക്കൊക്കെയും നാം (തന്നെ) ആയിരുന്നു = وَكُنَّا لَهُمْ

സുലൈമാൻ നബിക്ക് ലഭിച്ച മറ്റൊരനുഗ്രഹമായിരുന്നു ചെകുത്താന്മാരുടെ വിധേയത്വം. ചെകുത്താന്മാർ മനുഷ്യരിലും ജിന്നുകളിലുമുണ്ട്. മനുഷ്യരെ സത്യത്തിൽനിന്നും ധർമത്തിൽനിന്നും വ്യതിചലിപ്പിച്ച് അസത്യജഡിലവും അധാർമികവുമായ വിശ്വാസങ്ങളിലും ആചാരങ്ങളിലും അകപ്പെടുത്തുകയാണ് രണ്ടുതരം ചെകുത്താന്മാരിലുമുള്ള പൊതുഗുണം. മനസ്സിൽ ദുർമോഹങ്ങളും ദുർവികാരങ്ങളുമുണർത്തി തിന്മകളിലേക്കു പ്രലോഭിപ്പിക്കുകയാണ് ജിന്ന് ചെകുത്താന്മാരുടെ പ്രവർത്തനരീതി. മനുഷ്യച്ചെകുത്താന്മാർ ഇത് നേരിട്ടുള്ള വാക്കുകളിലൂടെയും കർമങ്ങളിലൂടെയും നടത്തുന്നു. ജിന്നു ചെകുത്താൻ മനുഷ്യർക്ക് അഗോചരനാണ്. എന്നാൽ ചെകുത്താന്ന് മനുഷ്യരെ കാണാം. മനുഷ്യച്ചെകുത്താന്മാർ മറ്റു മനുഷ്യരെ കീഴ്പെടുത്തുന്നതും മറിച്ചും സാധാരണമാണ്. അതിൽ വിശേഷിച്ച് അത്ഭുതമൊന്നുമില്ല. അതിനാൽ സുലൈമാൻ നബിക്ക് അല്ലാഹുവിന്റെ സവിശേഷ അനുഗ്രഹമായി കീഴ്പെടുത്തിക്കൊടുത്ത ചെകുത്താന്മാർ ജിന്നു ചെകുത്താന്മാരായിരിക്കണം. ചെകുത്താന്മാരെ കാണാനും ആജ്ഞാനുവർത്തികളാക്കാനുമുള്ള കഴിവ് അല്ലാഹു അദ്ദേഹത്തിനുരുളി. മനുഷ്യർക്കുപുറമെ ജിന്നുകളുടെയും കുതിരകളുടെയും പക്ഷികളുടെയുമെല്ലാം സൈനിക

വ്യൂഹങ്ങൾ സുലൈമാൻ നബിക്കുണ്ടായിരുന്നു. പക്ഷികളുടെയും ഉറുമ്പുകളുടെയും ഭാഷയും അദ്ദേഹത്തിനറിയാമായിരുന്നു. സൂറഃ *അന്നംലിൽ* സുലൈമാൻ നബി പ്രസ്താവിച്ചതായി ഉദ്ധരിക്കുന്നു: يَٰٓأَيُّهَا ٱلنَّاسُ عُلِّمْنَا مَنطِقَ ٱلطَّيْرِ (അല്ലയോ ജനങ്ങളേ നാം പക്ഷിഭാഷണം പഠിപ്പിക്കപ്പെട്ടിരിക്കുന്നു-27:16). ഒരു സൈനിക നീക്കത്തിനിടെ ഉറുമ്പുകളുടെ താഴ്‌വരയിലെത്തിയപ്പോൾ ഒരു ഉറുമ്പ്, 'സുലൈമാനും സൈന്യവും അറിയാതെ നമ്മെ ചവിട്ടിയരക്കാതിരിക്കാൻ ജാഗ്രത പാലിക്കണ'മെന്ന് തന്റെ സമൂഹത്തിനു മുന്നറിയിപ്പു നൽകിയതായും അതുകേട്ട് സുലൈമാൻ നബി പുഞ്ചിരിച്ചതായും തുടർന്നു പറയുന്നുണ്ട്. 27:17-ൽ പറയുന്നു:

وَحُشِرَ لِسُلَيْمَٰنَ جُنُودُهُۥ مِنَ ٱلْجِنِّ وَٱلْإِنسِ وَٱلطَّيْرِ فَهُمْ يُوزَعُونَ ﴿١٧﴾

(സുലൈമാന് വേണ്ടി ജിന്നിന്റെയും മനുഷ്യന്റെയും പക്ഷിയുടെയും പടകൾ സംഘടിപ്പിക്കപ്പെട്ടിരുന്നു. അവ ക്രമത്തിൽ പരിശോധിക്കപ്പെടുകയും ചെയ്തിരുന്നു). സൂറഃ *അന്നംല്* 39-ാം സൂക്തം സുലൈമാൻ നബിയുടെ പടയിൽ ജിന്നുകളിൽപെട്ട ഒരു 'ഇഫ്‌രീത്ത്' ഉണ്ടായിരുന്നതായി പരാമർശിച്ചിരിക്കുന്നു. സമുദ്രത്തിൽ മുങ്ങി മുത്തുകളും പവിഴവും മറ്റും ശേഖരിക്കുകയും ഭൂമി തുരന്ന് അകത്ത് കടന്ന് ഖനിജങ്ങൾ കണ്ടെത്തുകയുമായിരുന്നു ജിന്നുകൾ അദ്ദേഹത്തിനു ചെയ്തുകൊടുത്ത മുഖ്യ സേവനം. ഒപ്പം മറ്റു പല ജോലികളും അവർ ചെയ്തുകൊണ്ടിരുന്നു. ഇങ്ങനെ ദുഷ്ടശക്തികളെ കീഴ്പെടുത്തി മനുഷ്യന്നുപകാരപ്രദമായ സേവനങ്ങൾക്ക് ഉപയോഗപ്പെടുത്തിയത് സുലൈമാൻ നബിയുടെ മഹത്തായ നടപടിയായിരുന്നു. ശിഷ്ടശക്തികളെ മാത്രമല്ലാതെ ദുഷ്ടശക്തികളെക്കൂടി യുക്തിപൂർവം കൈകാര്യം ചെയ്ത് രാജ്യത്തിന്റെ സാംസ്കാരിക നാഗരിക വികസനത്തിൽ ഭാഗഭാക്കാക്കുക ഒരു മാതൃകാഭരണാധികാരിയുടെ കർത്തവ്യം തന്നെയാണ്.

സുലൈമാൻനബിക്ക് കീഴ്പ്പെടുത്തപ്പെട്ട 'ചെകുത്താന്മാർ' അദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്ന അവിശ്വാസികളായിരുന്നുവെന്നും അദ്ദേഹത്തോട് ഏറ്റുമുട്ടിയ സൈന്യങ്ങളിൽ നിന്ന് തടവുകാരായി പിടിച്ച ഭടന്മാരായിരുന്നുവെന്നുമെന്നുമൊക്കെ ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. ദുഷ്ടരായ മനുഷ്യരെയും ദുഷ്ടരായ ജിന്നുകളെയും ചെകുത്താൻ എന്നുവിളിക്കുമെങ്കിലും കേവല അവിശ്വാസിയെയോ ശത്രുവിനെയോ കുറിക്കാൻ ഈ പദം ഉപയോഗിക്കാറില്ല. 'ചെകുത്താൻ' കൊണ്ടുദ്ദേശ്യം മനുഷ്യപ്പിശാചുക്കളാണെന്നതിന് പശ്ചാത്തലത്തിൽ സൂചനയില്ലാത്തതിനാൽ അവിടെ ഉദ്ദേശ്യം ജിന്നു പിശാചുക്കളാണെന്നു തന്നെയാണ് കരുതേണ്ടത്.

ചെകുത്താന്മാരെ കീഴ്പ്പെടുത്തിക്കൊടുത്തതോടൊപ്പം അവരുടെ മേൽനോട്ടം അല്ലാഹു തന്നെ ഏറ്റെടുക്കുകയും ചെയ്തു. കീഴ്പ്പെടുത്തപ്പെട്ട ചെകുത്താന്മാരിലാലും ഓടിപ്പോകാതെ നോക്കുക, സുലൈമാൻ നബി ആഗ്രഹിക്കുന്ന സേവനങ്ങൾ കൃത്യമായി ചെയ്യുന്നുണ്ടോ, അദ്ദേഹത്തെ ധിക്കരിക്കുന്നുണ്ടോ, കൽപ്പിക്കപ്പെട്ട കാര്യം അതിന്റെ ലക്ഷ്യത്തിന് വിപരീതമായ രീതിയിൽ നിർവഹിക്കുന്നുണ്ടോ എന്നൊക്കെ അല്ലാഹു തന്നെ നിരീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ മേൽനോട്ടമില്ലായിരുന്നുവെങ്കിൽ അവർ നിയന്ത്രണം വിടുകയും ആപത്തുകൾ സൃഷ്ടിക്കുകയും ചെയ്യുമായിരുന്നു. ഇതാണ് وَكُنَّا لَهُمْ حَٰفِظِينَ എന്ന വാക്യത്തിന്റെ താൽപര്യം. പ്രകൃതി ശക്തികളെ കീഴടക്കാൻ കഴിവാർജിക്കുന്നവർക്കുള്ള സുപ്രധാനമായ ഒരു ഉൽബോധനം ഇതുൾക്കൊള്ളുന്നുണ്ട്. അവരാരും അവർ കണ്ടെത്തുന്ന ശക്തിയുടെ ഉടമകളാകുന്നില്ല. എല്ലാറ്റിന്റെയും ഉടമയും ആത്യന്തിക നിയന്താവും അല്ലാഹുവാകുന്നു. ദാവൂദ്-സുലൈമാൻ പ്രവാചകന്മാർക്ക് ഈ യാഥാർഥ്യത്തെക്കുറിച്ച് നല്ല ബോധമുണ്ടായിരുന്നു. അവർ അടിക്കടി അത് ഓർത്തുകൊണ്ടിരുന്നതായി *അന്നംല്* 15-19 സൂക്തങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഇതത്രെ വലിയ വലിയ കണ്ടുപിടുത്തങ്ങൾ നടത്തി വിസ്മയകരമായ സാങ്കേതികോപകരണങ്ങളും സൗകര്യങ്ങളും വികസിപ്പിക്കുന്ന കേവല ഭൗതിക ശാസ്ത്രജ്ഞന്മാരും ദൈവവിശ്വാസികളായ ശാസ്ത്രജ്ഞന്മാരും തമ്മിലുള്ള അന്തരം. എല്ലാ നേട്ടങ്ങളും തങ്ങളുടെ വിജ്ഞാനത്തിന്റെയും വൈഭവത്തിന്റെയും മാത്രം ഫലമാണെന്നും എല്ലാം തങ്ങളുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമാണെന്നും അവർ അഹങ്കരിക്കുന്നു. പക്ഷേ, ഈ ഉപകരണങ്ങൾ മനുഷ്യ നിയന്ത്രണത്തിൽനിന്ന് വഴുതിപ്പോയി മഹാവിപത്തുകൾ സൃഷ്ടിക്കുമ്പോൾ അവർ നിസ്സഹായരാകുന്നു. ■

